## പത്രക്കുറിപ്പ്

### കാലവർഷക്കെടുതി - സർട്ടിഫിക്കറ്റുകളും പാഠപുസ്തകവും നഷ്ടപ്പെട്ട കുട്ടികൾക്ക് സഹായവുമായി വിദ്യാഭ്യാസ വകുപ്പ്.

മഴയിലും വെള്ളപ്പൊക്കത്തിലും സർട്ടിഫിക്കറ്റുകളും പാഠപുസ്തകങ്ങളും യൂണിഫോമും നഷ്ടപ്പെട്ട കുട്ടികൾക്ക് അവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച വിവരം ആഗസ്റ്റ് 31 നകം വിദ്യാർത്ഥികൾ സ്കൂളുകളിൽ അറിയിക്കണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത വിവരം ശേഖരിച്ച് സെപ്റ്റംബർ ഒന്നിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകണം. നഷ്ടപ്പെട്ട ഒന്നാംവാല്യം പാഠപുസ്തകങ്ങൾ രണ്ടാം വാല്യത്തിനൊപ്പം സെപ്റ്റംബർ മൂന്നു മുതൽ വിതരണം ചെയ്യും.

യൂണിഫോം നഷ്ടപ്പെട്ട കുട്ടികൾ പ്രസ്തുത വിവരം ജൂലൈ 31 നു മുമ്പ് സ്കൂളിൽ അറിയിക്കണം. ഇതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സെപ്റ്റംബർ മൂന്നിന് വൈകിട്ട് 5 മണിക്കുമുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കണം. കൈത്തറി ഡയറക്ടറേറ്റ് മുഖേന പുതിയ യൂണിഫോം സൗജന്യമായി വിതരണം ചെയ്യും.

വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ സെപ്റ്റംബർ 3 നു മുമ്പായി ബന്ധപ്പെട്ട സ്കൂളിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ വിവരങ്ങൾ ശേഖരിച്ച് സെപ്റ്റംബർ 5 ന് പരീക്ഷാ ഭവനിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും ലഭ്യമാക്കണം. പരീക്ഷാ ഭവനിലും ഡിപിഐ ഓഫീസിലും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപവത്കരിക്കുന്നതാണ്.

ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനുമുമ്പായി വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ അധ്യാപകർ/ പൂർവ്വവിദ്യാർത്ഥികൾ/ അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജലപ്രതിനിധികളുടെ നേതൃത്വത്തിൽ പഠനപ്രവർത്തനങ്ങൾക്കുവേണ്ടി സ്കൂളുകൾ ഒരുക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇതിനുവേണ്ട നേതൃത്വം നൽകണം.

സുരക്ഷാ ഭീഷണിയുള്ള സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ജില്ലാ കളക്ടർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനും ഉടൻ കൈമാറണം. ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചു. സ്കൂൾതലത്തിൽ ഉണ്ടായ നഷ്ടങ്ങൾ വിലയിരുത്തി സെപ്റ്റംബർ 5 നു മുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കണമെന്നും, സ്കൂൾ തുറക്കുന്നതിനു മുമ്പായി സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

തിരുവനന്തപുരം
20.08.2018